കേരള കാർഷിക സർവ്വകലാശാല

നമ്പർ: ബി.ആർ.എസ്(2) 1349/25 **തിയ്യതി: 05/08/2026**

ക്വട്ടേഷൻ നോട്ടീസ്

കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള തെങ്ങുകളിൽ നിന്നും സങ്കരയിനം തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി വിത്തുതേങ്ങ സംഭരിക്കുന്നതിന് ആവശ്യമായ 60 തെങ്ങുകൾ ഒഴിച്ച് കായ് ഫലമുള്ള 450 തെങ്ങുകളിൽ നിന്ന് ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ വിളവെടുപ്പ് നടത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ/ലേലം 2026 ആഗസ്റ്റ് 21-ാം തിയ്യതി 3.30 പി.എം.ന് ഈ കേന്ദ്രത്തിൽവച്ചു നടത്തുന്നതാണ്. താൽപ്പര്യമുള്ളവർ സീൽ ചെയ്ത ക്വട്ടേഷനുകൾ അന്നേ ദിവസംതന്നെ 3 മണിയ്ക്കു മുമ്പായി ടി ഓഫീസിൽ എത്തിച്ചിരിയ്ക്കണം.

നിബന്ധനകൾ

1. ക്വട്ടേഷനുകൾ 2026 ആഗസ്റ്റ് 21-ാം തിയ്യതി ഉച്ചയ്ക്ക് 3 മണിവരെ സ്വീകരിക്കുന്നതാണ്.
2. അന്നുതന്നെ 3.30 പി.എം.ന് ഇഎംഡി അടച്ചവരെ ഉൾപ്പെടുത്തി ലേലം നടത്തുന്നതും അതിനുശേഷം ക്വട്ടേഷനുകൾ തുറക്കുന്നതുമായിരിക്കും. ക്വട്ടേഷൻ/ലേലത്തിൽ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിൽ തുക തുപ്തികരമെങ്കിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്.
3. ഓരോ ക്വട്ടേഷൻ/ലേലത്തിന് 5,000/- രൂപ വീതം ഇ.എം.ഡി അടയ്ക്കേണ്ടതാണ്.
4. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി മൊത്തം തുകയുടെ പകുതിഭാഗം ഒരു ദിവസത്തിനുള്ളിൽ ഓഫീസിൽ അടച്ചു രശീതി വാങ്ങേണ്ടതാണ്. ബാക്കി തുക ആദ്യ വിളവെടുപ്പിന് മുമ്പായി അടച്ചുതീർക്കേണ്ടതാണ്. അതിനുശേഷമേ വിളവെടുക്കുവാൻ അനുവദിയ്ക്കുകയുള്ളു. ലേലതുകയ്ക്ക് പുറമെ ബാധകമായ നികുതിയും അടയ്ക്കേണ്ടതാണ്.
5. പൊതു അവധി ദിവസങ്ങളിൽ വിളവെടുപ്പ് നടത്താൻ അനുവദിക്കുന്നതല്ല.
6. ഓഫീസ് പ്രവൃത്തി സമയങ്ങളിൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളു.
7. ക്വട്ടേഷൻ കാലാവധി അവസാനിക്കുന്നതിന് **3 മാസം** മുൻപ് വരെ മാത്രമേ തെങ്ങിൽനിന്ന് കരിക്ക് ശേഖരിക്കാൻ പാടുള്ളു.
8. ലേലം മാറ്റിവയ്ക്കുന്നതിനോ/റദ്ദാക്കുന്നതിനോ/മേലാധികാരിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറയിൽ നിക്ഷിപ്തമായിരിയ്ക്കും.
9. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവൃത്തി ദിവസം നിശ്ചിതസമയത്ത് തന്നെ നടത്തുന്നതാണ്.
10. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാവിധ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
11. 31/08/2026 ന് ഈ ക്വട്ടേഷന്റെ കാലാവധി അവസാനിക്കുന്നതാണ്. അതിനുമുമ്പായി വിളവെടുപ്പ് പൂർത്തിയായിരിക്കണം.
12. ലേലം/ക്വട്ടേഷൻ സംബന്ധിച്ചിടത്തോളം ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറയിൽ നിക്ഷിപ്തമാണ്.

(ഒപ്പ്/-)
ഡോ. വിമി ലൂയിസ്
പ്രൊഫസർ & ഹെഡ്

പകർപ്പ്: 1. നോട്ടീസ് ബോർഡ്
2. ലോക്കൽ സർക്കുലേഷൻ
3. ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ് (സർവ്വകലാശാല ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ഫയൽ / കരുതൽ ശേഖരം